പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1715 15.02.2016 - ൽ മറുപടിയ്ക്ക്

## സർക്കാരിതര അനാഥാലയങ്ങൾ

ചോദ്യം

ശ്രീ.കെ.രാധാകൃഷ്ണൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ട്രസ്റ്റുകളുടെയും ഇതര സ്ഥാപനങ്ങളുടെയും സ്വകാര്യവ്യക്തികളുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന എത്ര അനാഥാലയങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) | ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ ട്രസ്റ്റുകളുടെയും ഇതര സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും ആഭിമുഖ്യത്തിൽ 1211 അനാഥാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത അനാഥാലയങ്ങൾക്കു നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത അനാഥാലയങ്ങൾക്ക് നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു<br>2011-12 - 5,86,74,000<br>2012-13 - 6,98,58,480<br>2013-14 - 12,54,85,000<br>2014-15 - 13,83,63,000<br>2015-16 - 35,75,47,000<br>**74,99,27,480** |
| (സി) | സർക്കാർ നേരിട്ട് നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് അപര്യാപ്തമാണെന്നിരിക്കെ സർക്കാരിതര സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ; | (സി) | സർക്കാർ നേരിട്ടു നടത്തുന്ന സ്ഥാപനങ്ങളിലും സർക്കാരിതര ചാരിറ്റി സ്ഥാപനങ്ങളിലും കഴിയുന്നത് അശരണരായ വ്യക്തികളാണ്. ഇക്കൂട്ടരെയെല്ലാം സർക്കാരിന് നേരിട്ട് സംരക്ഷിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈ സംരക്ഷണ ദൗത്യം നിർവ്വഹിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ സ്ഥാപനങ്ങളിലെ ചിലവ് മുഴുവൻ ഗവൺമെന്റ് വഹിക്കുകയും സർക്കാരിതര സ്ഥാപനത്തിൽ ഒരു അന്തേവാസിക്ക് പ്രതിമാസം 1000/-രൂപ സംരക്ഷണ ചിലവ് നൽകുകയുമാണ് ചെയ്തു വരുന്നത്. സർക്കാരിതര സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഫണ്ട് നൽകാറില്ല. |
| (ഡി) | സർക്കാരിതര സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും അത്തരം സ്ഥാപനങ്ങൾ കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധന നടത്താറുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും പ്രസ്തുത സ്ഥാപനങ്ങളിൽ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകൾ പരിശോധിക്കാറുണ്ട്. പരിശോധനയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രമേ ഗ്രാന്റ് അനുവദിക്കാറുള്ളൂ. |

Manoharan

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്